അതുമായി ബന്ധപ്പെട്ട വിദഗ്ധ ഏജൻസികൾ, വ്യക്തികൾ എന്നിവയുമായും കമ്മീഷൻ ചർച്ചകൾ നടത്തി വരികയാണ്. ഇവയിലൂടെ ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാം പൂർത്തിയാക്കി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ തന്നെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ശമ്പള പരിഷ്കരണത്തിന് മുൻകാല പ്രാബല്യം എന്ന് നൽകണമെന്നതിനെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

പുതിയ പെൻഷൻ പദ്ധതി

126 (472) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ പെൻഷൻ പദ്ധതി നടപ്പാക്കിയതുവഴി പൊതു ചെലവിൽ കുറവ് വന്നിട്ടുണ്ടോ ; എങ്കിൽ കുറവ് എത്രയെന്ന് പറയാമോ ;

(ബി) ഇല്ലായെങ്കിൽ ചെലവിൽ എന്ന് മുതൽ കുറവുണ്ടാകുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പുതിയ പെൻഷൻ പദ്ധതി നടപ്പിലാക്കിയതുവഴി പെൻഷൻ ചെലവുകളിൽ 2014-15 വർഷത്തിൽ കുറവ് വന്നിട്ടില്ല.

(ബി) ചെലവിൽ കുറവ് ഉണ്ടാകുന്ന രീതിയിൽ കണക്കെടുപ്പ് നടത്തിയിട്ടില്ല.

വികസന ചെലവിന്റെ സംസ്ഥാന ശരാശരി

127 (473) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസന ചെലവിനത്തിൽ സംസ്ഥാനം അയൽ സംസ്ഥാനങ്ങളുടേയും അഖിലേന്ത്യാ ശരാശരിയുടേയും പിന്നിലായതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ, അഖിലേന്ത്യാടിസ്ഥാനത്തിൽ സംസ്ഥാനത്തിന് എത്രാം സ്ഥാനമാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും Tax-GSDP വളർച്ച നിരക്കിലുള്ള കുറവും കേന്ദ്രവിഹിതത്തിലുള്ള ഗണ്യമായ കുറവും കാരണം സംസ്ഥാനത്തിന് വികസന

LIBRARY ARCHIVES Kerala Legislative Assembly